# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6729 01.11.2011 ൽ മറുപടിക്ക്

**ഓട്ടോറിക്ഷക്കാർ അമിത ചാർജ്ജ് ഈടാക്കുന്നത് തടയാൻ നടപടി**

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) തിരുവനന്തപുരം സിറ്റിയിൽ യാത്രക്കാരിൽ നിന്നും ഓട്ടോറിക്ഷക്കാർ അമിത ചാർജ്ജ് ഈടാക്കുന്നതും യാത്രയ്ക്ക് വിളിച്ചാൽ വിസമ്മതിക്കുകയും ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അവസ്ഥമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ; | (എ) ചില ഓട്ടോറിക്ഷ ഡ്രൈവർമാർ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതായും അമിത ചാർജ്ജ് ഈടാക്കുന്നതായും ഉള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ആർ.ടി.ഒ. / ജോയിന്റ് ആർ.ടി.ഒ.മാർ അന്വേഷിച്ച് പിഴ ഈടാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) യാത്രയ്ക്ക് വിളിച്ചാൽ നിർത്താതെ പോകുകയും, ചിലയിടങ്ങളിലേക്ക് പോകാതിരിക്കുകയും, അമിത ചാർജ്ജ് ഈടാക്കുകയും ചെയ്യുന്ന ഓട്ടോറിക്ഷാ ഡ്രൈവർമാർക്കെതിരെ പരാതി സമർപ്പിക്കേണ്ടത് ആർക്കാണ്; ഇത്തരം പരാതികൾക്ക് ഒരു 'ഉടൻ പരാതി പരിഹാര സെൽ' രൂപീകരിക്കുമോ; ഇപ്രകാരമുള്ള സെല്ലിൽ ഫോൺ മുഖേന ലഭിക്കുന്ന പരാതികളിൽ അടിയന്തിരമായി നടപടിയെടുക്കുമോ? | (ബി) അതാത് സ്ഥലങ്ങളിലെ ബന്ധപ്പെട്ട പോലീസ്, ആർ.ടി.ഒ. , ജോയിന്റ് ആർ.ടി.ഒ., ഓഫീസുകളിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ ചൂണ്ടിക്കാട്ടി പരാതിപ്പെടാവുന്നതാണ്. നിലവിൽ മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പരിമിതി കാരണം ഇത്തരം ഒരു സെൽ രൂപീകരിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നിരുന്നാലും ഇപ്രകാരം ലഭിക്കുന്ന പരാതികൾ കഴിയുന്നത്ര വേഗത്തിൽ അന്വേഷിച്ച് നടപടിയെടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ